പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട 25.7.2012 ൽ മറുപടിയ്ക്ക്

ചോദ്യം നമ്പർ: 823

## ക്ളിനിക്കൽ ട്രയൽ നടത്താത്ത മരുന്നുകളുടെ വില്പന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീ. കെ. വി. അബ്ദുൾ ഖാദർ :<br>ശ്രീ. ജെയിംസ് മാത്യു : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ളിനിക്കൽ ട്രയൽ നടത്താത്ത മരുന്നുകൾ ഇന്ത്യയിലെ മാർക്കറ്റിൽ വില്ക്കുന്നുണ്ടെന്ന് പാർലമെന്ററി സമിതി കണ്ടെത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഇത്തരം മരുന്നുകൾ കേരള വിപണിയിൽ വില്ക്കുന്നില്ലെന്ന് ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) രാജ്യത്ത് പുതുതായി ഒരു മരുന്ന് വിപണിയിലിറക്കുന്നതിന് അനുമതി നൽകുന്നത് കേന്ദ്ര ഡ്രഗ്സ് കൺട്രോളറാണ്. ഇതിൽ പ്രസ്തുത മരുന്നിന്റെ ക്ലിനിക്കൽ ട്രയലിനുള്ള അനുമതിയും ഉൾപ്പെടും. ഇതിൽ സംസ്ഥാന സർക്കാരിനോ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിനോ യാതൊരുവിധ അധികാര പരിധിയുമില്ല. ഡ്രഗ്സ് കൺട്രോളർ ജനറൽ (ഇന്ത്യ) അനുമതി നൽകിയ മരുന്നുകൾ മാത്രമേ കേരള ത്തിൽ വിൽക്കുന്നതിന് അനുവദിക്കാറുള്ളൂ. |
| (സി)ഇത്തരം മരുന്നുകൾ കേരള വിപണിയിൽ ഇറക്കിയ എത്ര കമ്പനികൾക്കും ഷോപ്പുകൾക്കുമെതിരെ ഡ്രഗ്സ് കൺട്രോളർ നടപടി സ്വീകരിക്കുകയുണ്ടായി; ഇതിന്റെ പേരിൽ എത്ര ലൈസൻസ് റദ്ദ് ചെയ്യുകയുണ്ടായി; വിശദമാക്കുമോ? | (സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മരുന്നു നിർമ്മാതാക്കളൊന്നും തന്നെ ഇപ്രകാരമുള്ള പുതിയ മരുന്നുകളൊന്നും നിർമ്മിച്ചു വിതരണം ചെയ്യുന്നില്ല.<br>പാർലമെന്ററി സമിതിയുടെ കണ്ടെത്തലുകളുടെ മേൽ നടപടികൾ സ്വീകരിക്കേണ്ടത് കേന്ദ്ര സർക്കാരാണ്. |

സെക്ഷൻ ഓഫീസർ